Page 1 of 1

(ബി) ഒമ്പതാം പഞ്ചവൽസര പദ്ധതി മുതൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) 563.10 ലക്ഷം രൂപ.

(ഡി) ഇല്ല.

(ഇ) ഈ വർഷം ഒരു കോടി രൂപ ഈ പദ്ധതിക്കായി വക കൊള്ളിച്ചിട്ടുണ്ട്.

ഹയർ സെക്കന്ററി മേഖല പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുന്നതിനുള്ള നിർദ്ദേശം

*8. [461] ശ്രീ. ടി. കെ. ദേവകുമാർ :

ഡോക്ടർ തോമസ് ഐസക് :

ശ്രീ. ടി. കെ. ബാലൻ :

" വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി മേഖല പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഇക്കാര്യം സംബന്ധിച്ച് ഏതെങ്കിലും സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടോ ;

(സി) പരീക്ഷകൾ നടത്തുന്നതിനും ഫലം പ്രസിദ്ധീകരിക്കുന്നതിലും ഹയർസെക്കന്ററി ഡയറക്ടറേറ്റിലുണ്ടായ വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ വീഴ്ചകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) വീഴ്ചകൾ മേലിൽ ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ കീഴിൽ നടത്തുന്ന സ്റ്റേറ്റ് ഹൈവേ, മേജർ ജില്ലാ റോഡുകൾ എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

*9. [462] ശ്രീ. പി. ജയരാജൻ :

" കെ. രാധാകൃഷ്ണൻ :

" രാജു എബ്രഹാം :

LIBRARY ARCHIVES Kerala Legislative Assembly